

സുനിൽ ഉപാസന
8281197641

ഒരു ബധിരന്റെ ആത്മകഥാ കുറിപ്പുകൾ 23

# മനസ്സിന്റെ അടിത്തട്ടിലെ കടൽ



ചിത്രീകരണം - ശ്രീകുമാർ മാവൂർ

ആക്ടിവിറ്റികൾ സ്പെഷ്യൽ കുട്ടികൾക്ക് മാനസികവും ശാരീരികവുമായ വ്യായാമം നൽകുന്നു. പ്രധാനപ്പെട്ട ഏതാനും ആക്ടിവിറ്റികളും അവ കൊണ്ടുള്ള പ്രയോജനവും താഴെ കൊടുക്കുന്നു:

1. Letter Cancellation - ഒരു പേപ്പറിൽ ഏതാനും അക്ഷരങ്ങൾ (a, b, d, f, h, y, 1, 3, 5, 8) ഇടകലർത്തി, ആവർത്തിച്ച്, വരിവരിയായി എഴുതിയശേഷം, അതിൽ നിന്ന് ഏതെങ്കിലും 1-2 അക്ഷരങ്ങൾ മാത്രം തിരഞ്ഞെടുത്ത്, അതിനു ചുറ്റും വൃത്തം വരയ്ക്കുന്ന രീതിയാണിത്. കുട്ടികളിലെ ശ്രദ്ധ കൂട്ടാനും, അക്ഷരങ്ങൾ തിരിച്ചറിയാനുള്ള ശേഷി വർദ്ധിപ്പിക്കാനും ഇതുവഴി കഴിയും. ഈ ആക്ടിവിറ്റി (എല്ലാ ആക്ടിവിറ്റികളും) എളുപ്പമാണെന്ന് തോന്നാമെങ്കിലും ചില കുട്ടികൾ ഇതുചെയ്യാൻ തുനിയാറില്ല. എങ്ങിനെ ചെയ്യണമെന്ന് അറിയാത്തതോ, അക്ഷരങ്ങൾ തിരിച്ചറിയാത്തതോ ആയിരിക്കണമെന്നില്ല കാരണം. ചിലപ്പോൾ മടിയാകാം, ചിലപ്പോൾ കരുതിക്കൂട്ടിയുള്ള നിസ്സഹകരണമാകാം. അല്ലെങ്കിൽ അവർക്കു മാത്രം അറിയുന്ന മറ്റെന്തെങ്കിലും കാരണം.

2. Buttons and tweezer - ഈ ആക്ടിവിറ്റിയിൽ വിവിധ വലിപ്പമുള്ള ബട്ടണുകൾ ചെറു ചവണ (Tweezer) ഉപയോഗിച്ച് പെറുക്കിയെടുത്ത് ഒരു പെട്ടിയിൽ നിക്ഷേപിക്കണം. സ്പെഷ്യൽ കുട്ടികളെ അപേക്ഷിച്ച്, നല്ല പോലെ നോക്കി, ശ്രദ്ധിച്ച് ചെയ്യേണ്ട പണിയാണിത്. കണ്ണും കയ്യും തമ്മിലുള്ള കോ-ഓർഡിനേഷൻ, ചെറുമസിലുകളുടെ ചലനക്ഷമത എന്നിവ വർദ്ധിപ്പിക്കാൻ ഈ ആക്ടിവിറ്റി പ്രയോജനപ്പെടുന്നു.

3. Beading വിവിധ ആകൃതിയിലുള്ള ചെറിയ പ്ലാസ്റ്റിക് വസ്തുക്കൾ ഒരു നൂലിൽ കോർത്തെടുക്കുന്ന പ്രവൃത്തിയാണിത്. വട്ടത്തിലും ത്രികോണത്തിലും ചതുരത്തിലുമുള്ള ഈ വസ്തുക്കളുടെ മദ്ധ്യഭാഗത്ത് ഒരു ദ്വാരം ഉണ്ടായിരിക്കും. ഇതിലൂടെ നൂൽ കടത്തി കോർക്കുകയും, അതിനുശേഷം സാവധാനം ഊരിയെടുക്കുകയും വേണം. കണ്ണ്, വിരലുകൾ, ചെറുമസിലുകൾ എന്നിവ തമ്മിലുള്ള കോ-ഓർഡിനേഷൻ കൂട്ടാൻ ഉപകാരപ്രദം.

4. Puzzles - കുട്ടികളുടെ ചിന്താശേഷിയും പ്രശ്നപരിഹാര ക്ഷമതയും വർദ്ധിപ്പിക്കാൻ കഴിയുന്ന ആക്ടിവിറ്റിയാണ് Puzzles. ഇതു നാനാതരത്തിലുണ്ട്. വീട്, കളിസ്ഥലം, വാഹനങ്ങൾ തുടങ്ങിയവയുടെ ചിത്രങ്ങൾ ആലേഖനം ചെയ്തിട്ടുള്ള ഒരു മുഴുചിത്രത്തെ പലഭാഗങ്ങളായി ഭാഗിച്ച് കുട്ടികൾക്കു നൽകും. കുട്ടികൾ ഈ ചിത്രഭാഗങ്ങൾ കൂട്ടിയോജിപ്പിച്ച് മുഴുവൻ ചിത്രം പുനർനിർമിക്കണം. രണ്ടാമത്തെ ജൗഘഹല വിഭാഗത്തിൽ, ആശയങ്ങളെ പ്രതിനിധീകരിക്കുന്ന വിവിധ ചിത്രങ്ങൾ നൽകി, അവയിൽ സമാനമായവ കൂട്ടി യോജിപ്പിക്കാൻ പറയും. ഉദാഹരണമായി, ഒന്നാമത്തെ ചിത്രത്തിൽ പച്ചക്കറിയും, രണ്ടാമത്തെ ചിത്രത്തിൽ കത്തിയും ബോർഡും, മൂന്നാമത്തെ ചിത്രത്തിൽ നുറുക്കിയ പച്ചക്കറിയും ഉണ്ടാകും. കുട്ടികൾ ഇത് ക്രമം അനുസരിച്ച് ക്രമീകരിക്കണം. ആശയങ്ങൾ മനസ്സി

ലാക്കാൻ അത്യുത്തമമാണ് Puzzles.

5. Peg Board പ്ലാസ്റ്റിക് കൊണ്ടുണ്ടാക്കിയ സുതാര്യവും വരിയും നിരയുമായി നിരവധി ചെറുസുഷിരങ്ങളും ഉള്ള ബോർഡാണ് 'പെഗ് ബോർഡ്'. ഈ സുഷിരങ്ങളിൽ വിവിധ നിറങ്ങളിലുള്ള പെഗ്ഗുകൾ തറയ്ക്കണം. ഇപ്രകാരം പെഗ്ഗുകൾ തറയ്ക്കുന്നത് ഏതെങ്കിലുമൊരു ഡിസൈനിൽ ആയിരിക്കും. പെഗ് ബോർഡ് ഡിസൈനുകളുള്ള പുസ്തകങ്ങൾ വിപണിയിൽ ലഭ്യമാണ്. കുട്ടികളിൽ ഏതെങ്കിലുമൊരു പ്രവൃത്തിയിലുള്ള ശ്രദ്ധ വർദ്ധിപ്പിക്കാൻ ഈ ആക്ടിവിറ്റി സഹായകമാണ്. കൂടാതെ ആശയ രൂപീകരണത്തിനും ഇത് ഉത്തമം തന്നെ.

6. Color coding and Shape coding കളർ/ഷേപ്പ് കോഡിങ്ങാണ് ശ്രദ്ധയും ആശയരൂപീകരണവും വർദ്ധിപ്പിക്കാൻ ഉപയോഗിക്കുന്ന മറ്റൊരു ആക്ടിവിറ്റി. ഇതുപ്രകാരം ഒരു വെള്ളപേപ്പറിന്റെ ഏറ്റവും മുകളിൽ, വിവിധ രൂപങ്ങൾ (ചതുരം, ത്രികോണം, ഷഡ്ഭുജം, വൃത്തം, ദീർഘചതുരം) വരച്ച് അവയ്ക്കു വിവിധ കളറുകൾ നൽകും. ഇത് ഒരു മാതൃകയാണ്. ഈ മാതൃക നോക്കി അതിനു താഴെയുള്ള രൂപങ്ങൾക്കു കളർ നൽകണം. മാതൃകയിൽ ത്രികോണത്തിനു ചുവപ്പ് നിറമാണ് നൽകിയിരിക്കുന്നതെങ്കിൽ, അതിനു താഴെയുള്ള എല്ലാ ത്രികോണങ്ങൾക്കും ചുവപ്പ് നിറമാണ് നൽകേണ്ടത്. മറ്റു നിറങ്ങൾ നൽകാൻ പാടില്ല. ശ്രദ്ധ വർദ്ധിപ്പിക്കാനും ആശയരൂപീകരണത്തിനും ഈ ആക്ടിവിറ്റി സഹായകമാണ്.

ഇത്രയും പറഞ്ഞതിൽ നിന്ന് ഒരുകാര്യം എളുപ്പം മനസ്സിലാക്കാം. എന്തെന്നാൽ, നോർമലായ ഒരാളെ സംബന്ധിച്ച് ആക്ടിവിറ്റികൾ അതിനിസ്സാരമാണെന്നല്ല, ശ്രദ്ധേയം പോലുമല്ല. ഇതുപോലുള്ള ആക്ടിവിറ്റികൾ (ഉദാഹരണമായി, കണ്ണും വിരലും തമ്മിലുള്ള കോ-ഓർഡിനേഷൻ) ചെയ്തിട്ട് എന്താകാനാണ് എന്നവർക്കു തോന്നാം. പക്ഷേ, സ്പെഷ്യൽ കുട്ടികളെ സംബന്ധിച്ച് ഇവയ്ക്കു വലിയ പ്രാധാന്യമുണ്ട്. കുട്ടികളിൽ ചിലർ ചലിക്കാൻ പോലും മടിയുള്ളവരാണ്. കളിസ്ഥലത്തു പോലും ഇക്കൂട്ടർ എവിടെയെങ്കിലും ഇരിക്കാനേ മിനക്കെടൂ. ഇവരുടെ കാലിനും കൈയ്ക്കും മാത്രമല്ല, ശരീരത്തിലെ എല്ലാ മസിലുകൾക്കും



വ്യായാമം എത്തിക്കേണ്ടതുണ്ട്. മറ്റു കുട്ടികൾ സാധാരണ ചെയ്യാറുള്ള പ്രവൃത്തികളൊന്നും ഇവർ ചെയ്യാത്തതിനാൽ, ഈ കുട്ടികളുടെ കയ്യിലെ ചെറുമസിലുകൾക്കുവരെ വ്യായാമം നൽകിയേ തീരൂ. ഇല്ലെങ്കിൽ നിഷ്ക്രിയതയും ജഡത്വവും ഇവരിൽ ക്രമേണ വർദ്ധിച്ചു വരും. അതിനു തടയിടണം. പ്രാധാന്യമില്ലാത്ത ഒരു ആക്ടിവിറ്റിയുമില്ല എന്നതാണ് സത്യം. സ്പെഷ്യൽ കുട്ടികളെ സംബന്ധിച്ച് എല്ലാം പ്രാധാന്യമുള്ളതാണ്.

ഇത്തരം ആക്ടിവിറ്റികൾ കുട്ടികളുടെ ഊർജ്ജസ്വലതയിൽ മാറ്റമുണ്ടാക്കുമോ, അവരുടെ ആശയവിനിമയം മെച്ചപ്പെടുത്താൻ സഹായകമാണോ, എന്നെല്ലാം ആദ്യകാലത്ത് ഞാൻ സംശയിച്ചിട്ടുണ്ട്. Resilient Minds സീനിയർ സൈക്കോളജിസ്റ്റ്, ആൻ ആഞ്ചെലിൻ സംശയങ്ങൾ ദുരീകരിക്കുന്ന മറുപടിയാണ് നൽകിയത്.

"ആക്ടിവിറ്റികൾ കുട്ടികളുടെ ഊർജ്ജസ്വലത മെച്ചപ്പെടുത്താൻ വളരെ സഹായിക്കും. ആക്ടിവിറ്റികളുടെ റിസൾട്ട് വലിയ കാലതാമസം ഇല്ലാതെ കുട്ടികളിൽ ദൃശ്യമാകണം എന്ന തെറ്റിദ്ധാരണ മൂലമാണ് സുനിൽ ഇവയുടെ പ്രയോജനക്ഷമതയെ സംശയിക്കുന്നത്. സത്യത്തിൽ, ആക്ടിവിറ്റികളുടെ ഫലം സാവധാനമേ കുട്ടികളിൽ തെളിയൂ. ചിലരിൽ പുരോഗതി വളരെ സാവധാനമായിരിക്കും. അവർ ആക്ടിവിറ്റികൾ മനസ്സിലാക്കാനും ചെയ്യാനും മാസങ്ങൾ തന്നെ എടുത്തേക്കാം. ഏറ്റവും ആവശ്യം ക്ഷമയാണ്, ടീച്ചർമാരുടെ ഭാഗത്തുനിന്നും മാതാപിതാക്കളുടെ ഭാഗത്തുനിന്നും."

ആൻ തുടർന്നു.

"കുട്ടികൾ ഒരിക്കലും വെറുതെ ഇരിക്കരുത്, അവരെന്തെങ്കിലും ചെയ്യണം. ചിട്ടയായ എന്തെങ്കിലും കാര്യം... ആക്ടിവിറ്റീസ് കുട്ടികൾ ചെയ്തേ മതിയാകൂ. ഇല്ലെങ്കിൽ ഭാവിയിൽ അവരുടെ പെരുമാറ്റം മോശമാകും. എന്നാൽ ആക്ടിവിറ്റികൾ, അതെത്ര ചെറുതായാലും, ചെയ്താൽ, ഏതാനും വർഷങ്ങൾക്കു ശേഷം അവർ ഏറെക്കുറെ അച്ചടക്കമുള്ളവരാകും. ചെയ്യേണ്ടതെന്തെന്നും ചെയ്യാൻ പാടില്ലാത്തത് എന്തെന്നും അവർക്കു വിവേചനം വരും."

ക്ലാസ്സ് മുറിയിൽ ടീച്ചർമാരുടെ പെരുമാറ്റം, കൂടുവിട്ടു കൂടുമാറുന്ന ശൈലിയിലായിരുന്നു. ഓരോ കുട്ടികളോടും അവർ ഓരോ രീതിയിൽ ഇടപഴകി. അർപ്പിതയോടു കർക്കശമായി പെരുമാറിയിട്ടു കാര്യമില്ല. സ്നേഹപൂർണ നിർദ്ദേശങ്ങളേ അർപ്പിത പരിഗണിക്കൂ. നേരെമറിച്ച് നവനീത് സ്നേഹമയമായ വാക്കുകൾക്കു ചെവികൊടുക്കില്ല. കർക്കശമായി തന്നെ പറയേണ്ടി വരും. ഇപ്രകാരം ഓരോ കുട്ടിയും ഓരോ തരത്തിൽ പരിചരിക്കപ്പെടണം.

നമ്മുടെ പെരുമാറ്റം നമ്മുടെ മനസ്സിന്റെ പ്രതിഫലനമാണ്. പെരുമാറ്റം നിരീക്ഷിച്ചാൽ മാനസികനില മനസ്സിലാക്കാം. പക്ഷേ നാം പെരുമാറണം. പ്രവൃത്തികൾ ചെയ്യണം. എങ്കിലേ മനസ്സിനെ സജീവമാക്കാൻ പറ്റൂ. പ്രമുഖ ബ്രിട്ടീഷ് തത്ത്വജ്ഞാനിയാണ് ജോൺ ലോക്കെ (John Locke). Empiricism-ത്തിന്റെ പിതാവായി പാശ്ചാത്യദർശനം ഇദ്ദേഹത്തെ പരിഗണിക്കുന്നു. 'അനുഭവ'ത്തിനു (Experience) യുക്തിയേ

ക്കാൾ (Reason) പ്രാധാന്യം കൊടുക്കുന്ന തത്വജ്ഞാന രീതിയാണ് Empiricism. ഇതുപ്രകാരം തുടക്കത്തിൽ മനസ്സ്, ഉള്ളടക്കം ഒന്നുമില്ലാതെ ശൂന്യമായിരിക്കും (Blank Slate). അനുഭവങ്ങൾ വന്നു നിറയുമ്പോൾ മനസ്സ് സജീവമാവുകയായി. അനുഭവങ്ങൾ ഉണ്ടാകണമെങ്കിൽ പ്രവൃത്തികൾ ചെയ്യണം. കുട്ടികളുടെ മനസ്സ് സജീവമാക്കാൻ, അപ്പോൾ, ധാരാളം ആക്ടിവിറ്റികൾ നൽകണം. അതും വ്യതിരിക്തതയുള്ള ആക്ടിവിറ്റികൾ. ഓരോ ആക്ടിവിറ്റിയും അവരിലെ ചിന്തയെ, ആശയങ്ങളെ പരിപോഷിപ്പിക്കണം.

കുട്ടികളുടെ സ്വഭാവരീതിയും മനസ്സും അല്പം മനസ്സിലാക്കാൻ, അവരെ മറ്റു കുട്ടികളോടൊപ്പം കളിസ്ഥലത്ത് വിട്ടാൽ മതി. അവിടെ കുട്ടി പെരുമാറുന്നത് ശ്രദ്ധിക്കുക. മറ്റു കുട്ടികളുമായി കുട്ടി ഇടപഴകുന്നുണ്ടോ? എങ്ങിനെ, എത്രമാത്രം ഇടപഴകുന്നു എന്നെല്ലാം നിരീക്ഷിക്കുക. അതുവഴി കുട്ടിയുടെ മനസ്സിലേക്കു നമുക്കു കടന്നുചെല്ലാം. പ്രവൃത്തികൾ മനസ്സിന്റെ പ്രതിഫലനമാണ്. പെരുമാറ്റത്തിലെ വൈകല്യം മാനസിക വൈകല്യത്തിലേക്കു വിരൽചൂണ്ടുന്നു. ഓരോ കുട്ടിയുടേയും മാനസിക വളർച്ച അവരുടെ പ്രവൃത്തികളിൽ പ്രതിഫലിക്കും. കളിക്കുമ്പോഴാണ് ഒരു കുട്ടിയുടെ പ്രവൃത്തികൾ കൂടുതൽ തെളിമയാർജ്ജിക്കുന്നത്. നിയന്ത്രണമില്ലാത്ത, സ്വതന്ത്ര ചുറ്റുപാടിലാണല്ലോ ആത്മപ്രകാശനം കൂടുതൽ സാധ്യമാവുക.

കളിസ്ഥലത്ത് പ്രതിഫലിക്കാത്ത മനസ്സിന്റെ അകത്തളത്തിലേക്കു മറ്റു പ്രവൃത്തികൾ വഴി വെളിച്ചം കടത്തിവിട്ടു പരിശോധിക്കണം. ആക്ടിവിറ്റീസ് എന്നാൽ ക്രീഡാവിനോദം മാത്രമല്ലെന്ന് സാരം. ക്രീഡകൾ പൊതുവെ അച്ചടക്കം ഉള്ളതല്ല. അച്ചടക്കമില്ലായ്മയാണ് അതിന്റെ മേന്മയും കോട്ടവും. സ്പെഷ്യൽ കുട്ടികളുടെ മനസ്സിനെ അളക്കാൻ ക്രീഡാവിനോദങ്ങൾ സഹായിക്കുമെങ്കിലും കുട്ടിയെ അച്ചടക്കമുള്ളതാക്കാൻ അവ പോര. അവരെ ഏതെങ്കിലും ഒരു പ്രവൃത്തിയിൽ ശ്രദ്ധ ചെലുത്തിക്കാനും പറ്റില്ല. അച്ചടക്കവും ശ്രദ്ധയും നാം കുട്ടികളിൽ വളർത്തിയെടുക്കണം. ഈ ശ്രമകരമായ ചുമതലയാണ് സ്പെഷ്യൽ എജുക്കേഷൻ ഫീൽഡിൽ

**മിക്ക സ്പെഷ്യൽ കുട്ടികളേയും പരിചരിക്കുക എളുപ്പമല്ല. അവർ നമ്മുടെ ശ്രദ്ധാവലയത്തിൽ എപ്പോഴുമുണ്ടാകണം. ഇക്കാരണത്താൽ, സ്പെഷ്യൽ കുട്ടികളെ പരിചരിച്ചു വളർത്താൻ അനുയോജ്യം കൂട്ടുകുടുംബ വ്യവസ്ഥിതിയാണ്. കുട്ടികളിൽ ശ്രദ്ധവയ്ക്കാൻ രണ്ടിലധികം പേരുള്ളത് മാതാപിതാക്കൾക്ക് ആശ്വാസകരമാണ്. അവരിലെ മാനസികസംഘർഷം വീതിയ്ക്കപ്പെട്ടു പോവുമല്ലോ.**

ജോലിചെയ്യുന്ന ടീച്ചർമാർക്കും തെറാപ്പി-സൈക്കോളജിസ്റ്റുകൾക്കും നിർവഹിക്കാനുള്ളത്.

***** *****

മിക്ക സ്പെഷ്യൽ കുട്ടികളേയും പരിചരിക്കുക എളുപ്പമല്ല. അവർ നമ്മുടെ ശ്രദ്ധാവലയത്തിൽ എപ്പോഴുമുണ്ടാകണം. ഇക്കാരണത്താൽ, സ്പെഷ്യൽ കുട്ടികളെ പരിചരിച്ചു വളർത്താൻ അനുയോജ്യം കൂട്ടുകുടുംബ വ്യവസ്ഥിതിയാണ്. കുട്ടികളിൽ ശ്രദ്ധവയ്ക്കാൻ രണ്ടിലധികം പേരുള്ളത് മാതാപിതാക്കൾക്ക് ആശ്വാസകരമാണ്. അവരിലെ മാനസികസംഘർഷം വീതിയ്ക്കപ്പെട്ടു പോവുമല്ലോ. അണുകുടുംബങ്ങളിൽ സ്ഥിതി നേരെ തിരിച്ചാണ്. കുട്ടികളെ പരിചരിച്ച് നോക്കിവളർത്താൻ അവിടെ മാതാവിനോ പിതാവിനോ മുഴുവൻ സമയവും നീക്കിവയ്ക്കേണ്ടി വരും. ഇത് ഇരുവരിലും മാനസികസമ്മർദ്ദം കൂട്ടും.

സ്പെഷ്യൽ കുട്ടികളുള്ള മാതാപിതാക്കളുടെ മനസ്സിലേക്ക് ഒരു എത്തിനോട്ടം സാധ്യമാണോ? അസാധ്യമെന്നു തോന്നാമെങ്കിലും എനിക്കതിനു കഴിയും. കാരണം ഞാനുമൊരു സ്പെഷ്യൽ വ്യക്തിയാണ്. എന്റെ മാതാപിതാക്കളുടെ വിഷമതകൾ ഞാൻ നേരിൽ കണ്ടിട്ടുണ്ട്. അതുമായി താരതമ്യപ്പെടുത്തി സ്പെഷ്യൽ കുട്ടികളുടെ മാതാപിതാക്കളുടെ മനോഹിതം ഞാൻ മനസ്സിലാക്കിയിട്ടുണ്ട്.

**കടൽ**

ആത്മകഥാ കുറിപ്പുകൾ ഒന്നൊന്നായി പ്രസിദ്ധീകരിച്ച് തുടങ്ങിയ ശേഷം, ഒരു ദിവസം, ഹരീഷ് എന്നോടു ചോദിച്ചു, 'നീയെന്തിനാണ് ഇക്കാര്യങ്ങൾ ഇങ്ങിനെ പരസ്യമായി എഴുതിയിടുന്നത്, ഒരു വിലാപം പോലെ?'

വാട്ട്സാപ്പിലാണ് അവന്റെ സന്ദേശം വന്നത്. ചോദ്യത്തിന്റെ മുന്നിൽ ഒരുവേള ഞാൻ പതറിപ്പോയി. എനിക്ക് പിഴച്ചോ ദൈവങ്ങളേ! വെറും വിലാപമാണോ എന്റെ എഴുത്ത്? വൈകല്യമുള്ളവരുടെ മനസ്സിനെ തുറന്നു കാണിക്കുമ്പോൾ അതിൽ വിലാപത്തിന്റെ അംശമുണ്ടാകും. തീർച്ച. എന്നാൽ എന്റെ എഴുത്തിനു കൂടുതൽ വിശാലമായ ഉദ്ദേശ്യലക്ഷ്യങ്ങളുണ്ട്.

ഹരീഷിന്റെ മെസേജ് വായിച്ച് ഏറെക്കഴിഞ്ഞിട്ടും, വിലാപം എന്ന വാക്ക് എന്നിൽ കത്തിപ്പിടിച്ചു നിന്നു. ഞാൻ കുറേക്കാലം വിലപിച്ചിട്ടുള്ള ആളായതുകൊണ്ടാകാം. പണ്ട് എന്നും കരയുമായിരുന്നു. ഇതിന്റെ തുടക്കം കുട്ടിക്കാലത്താണ്. ആനിവേഴ്സറി സംഭവം നടന്ന ദിവസം, രാത്രി മുഴുവൻ ഞാൻ കരഞ്ഞു. അമ്മ ഉൾപ്പെടെ ആരുമത് അറിഞ്ഞില്ല. വീട്ടുകാരെല്ലാം മുറിക്കുള്ളിൽ ഉറങ്ങുമ്പോൾ ഞാൻ മാത്രം ചുമരില്ലാത്ത, ജനൽക്കമ്പികൾ മാത്രമുള്ള ഹാളിൽ കിടന്നു ശീലിച്ചിരുന്നു. അതും പന്ത്രണ്ട് വയസ്സിനുള്ളിൽ തന്നെ. ഭയമൊക്കെയുണ്ട്, എന്നാൽ ധൈര്യവാനുമായിരുന്നു.

ആനിവേഴ്സറി സംഭവത്തിനു ശേഷവും, വലിയ ഇടവേളയില്ലാതെ ഞാൻ പലപ്പോഴും കരഞ്ഞു. എന്നാൽ, കനത്ത മാനസിക സംഘർഷത്തോടെ കരയുന്നത്, കോളേജ് പഠനകാലത്താണ്. ശ്രവണന്യൂനത മൂലം ലക്ചറുകൾ മനസ്സിലാകില്ലായിരുന്നു. പഠിക്കാനാണെങ്കിൽ ആഗ്രഹമുണ്ട്. പത്താം ക്ലാസിൽ 86 ശതമാനമായിരുന്നു മാർക്ക്. കോളേജ് ക്ലാസ്മുറിയിൽ ലക്ചറുകൾ



കേട്ടു മനസ്സിലാകാതെ വന്നപ്പോഴൊക്കെ രാത്രിയിൽ ആരുമറിയാതെ ഞാൻ കരഞ്ഞു. ഒരു ദിവസം, ലൈറ്റണച്ച് ചാരുകസേരയിൽ കൂനിക്കൂടിയിരുന്നു ഞാൻ കരയുന്നത് അമ്മ കണ്ടു. അങ്ങിനെ എന്റെ മാനസിക സംഘർഷം വീട്ടുകാരുടേത് കൂടിയായി. അമ്മയുടെ മനസ്സിൽ അന്ന് ഒരു കടൽ രൂപംകൊണ്ടു! അശാന്തമായ കടൽ.

വിവിധ മേഖലകളിൽ പ്രശസ്തനായ അരുൺ ഷൂരിയുടെ പ്രമുഖ പുസ്തകങ്ങളിൽ ഒന്നാണ് 'Does He Know a Mother's Heart?'. അദ്ദേഹത്തിന്റെ മറ്റു പുസ്തകങ്ങളിൽ നിന്ന് വ്യത്യസ്തതയുള്ള കൃതിയാണിത്. ഇതിൽ ഷൂരി പ്രത്യേക പരിഗണന ആവശ്യമുള്ള തന്റെ മകനെപ്പറ്റി പറയുന്നുണ്ട്. ഒരിക്കൽ അദ്ദേഹം സകുടുംബം ജിദ്ദു കൃഷ്ണമൂർത്തിയെ സന്ദർശിച്ചത്രെ. തദവസരത്തിൽ ജിദ്ദു കൃഷ്ണമൂർത്തി, അനിത ഷൂരിയോടു 'മകനെപ്പറ്റി എന്തു തോന്നുന്നു?' എന്നു ചോദിച്ചു. ആദ്യമെല്ലാം അനിത ഷൂരി ചോദ്യത്തിൽ നിന്ന് വ്യതിചലിച്ച്, 'മകൻ സന്തോഷവാനാണ്, മകൻ ഞങ്ങളുടെ ജീവനാണ്' എന്നെല്ലാം മറുപടി നൽകി. എന്നാൽ ജിദ്ദു കൃഷ്ണമൂർത്തി ചോദ്യത്തിൽ ഉറച്ചുനിന്ന്, 'മകനെപ്പറ്റി എന്തു തോന്നുന്നു' എന്ന ചോദ്യം ആവർത്തിച്ചു. അവസാനം, പ്രതിരോധങ്ങൾ എല്ലാം തകർന്ന് അനിത ഷൂരി പൊട്ടിക്കരഞ്ഞു. മകന്റെ അവസ്ഥ അവരെ അത്രമേൽ ദുഃഖിപ്പിക്കുന്നുണ്ടായിരുന്നു. അവരുടെ മനസ്സിൽ ഒരു കടലുണ്ടായിരുന്നു.

Resilient Mindsൽ വരുന്ന ഓരോ കുട്ടികളുടേയും മാതാപിതാക്കൾ ഇതുപോലെയാണ്. അവർ നിസ്സീമമായ ദുഃഖം മനസ്സിലടക്കി ജീവിക്കുന്നവരാണ്. സമർത്ഥമായ ഒരു ചോദ്യം ചെയ്യലോ, സംഭാഷണമേ വേണ്ടൂ, അവരിലെ ദുഃഖത്തെ അണപൊട്ടിയൊഴുക്കാൻ. എന്നാൽ, സാധാരണ കുട്ടികളുടെ മാതാപിതാക്കളെ പോലെ, പുറമേക്ക് അവർ ആഹ്ലാദപരമായി പെരുമാറും. എല്ലാ ദിവസവും രാവിലെ, സ്പെഷ്യൽ സ്കൂളിൽ കുട്ടികളെ എത്തിക്കുന്നത് മാതാപിതാക്കളാണ്. അന്നേരം സ്കൂളിലെ ടീച്ചേഴ്സുമായി അവർ സംസാരിക്കും. ഈ സമയത്തെല്ലാം അവരുടെ പെരുമാറ്റം സാധാരണ രീതിയിലാണ്. എന്നാൽ ഇത് അവരിലെ സ്ഥായിയായ ഭാവത്തെ സൂചിപ്പിക്കുന്നില്ല. ആരവവും ആളുകളും ഒഴിയുന്ന വേളയിൽ, വീടിന്റെ അകത്തളത്തിൽ ഇരുന്ന്, ആരോരുമറിയാതെ അവർ വിലപിക്കുന്നുണ്ടാകും. കാരണം, അവരുടെ മനസ്സിന്റെ അടിത്തട്ടിൽ ഒരു കടലുണ്ട്. മക്കളെ സ്നേഹിക്കുന്ന ഏതു മാതാപിതാക്കളുടേയും മനസ്സിലുള്ള കടൽ.

Resilient Mindsൽ വളന്റിയറായി പ്രവർത്തിക്കാൻ തുടങ്ങി മൂന്ന് മാസങ്ങൾക്കു ശേഷം ഒരു ദിവസം. രാവിലെ ഒമ്പതുമണി മുതലാണ് കുട്ടികൾ സ്കൂളിൽ വന്നു തുടങ്ങുക. കുട്ടികൾ എത്തുമ്പോൾ അവരെ സ്വീകരിച്ച്, കുശലവാക്കുകൾ പറയാൻ ടീച്ചർമാരിൽ ആരെങ്കിലും ഒരാൾ വാതിൽക്കൽ ഉണ്ടാകും. ഞാൻ ഒരാഴ്ച നാട്ടിൽനിന്ന്, തിരിച്ചെത്തി, ഒരു ദിവസം കുട്ടികളെ സ്വീകരിക്കുകയായിരുന്നു. ആദ്യം വിനുരാജ് എത്തി (ഈ അദ്ധ്യായത്തിൽ സൂചിപ്പിച്ചിരിക്കുന്ന സ്പെഷ്യൽ കുട്ടികളുടെ പേരുകൾ ഒന്നും ശരിയായ പേരുകളല്ല). ഞാൻ വിനുരാജിനെ വിഷ് ചെയ്തു.

"ഗുഡ് മോണിങ്... വിനു"

പക്ഷേ, എനിക്കു പിന്നാലെ എത്തിയ കാവ്യ ടീച്ചർ മറ്റൊരു പേരിലാണ് വിനുരാജിനെ വിളിച്ചത്.

"ഗുഡ് മോണിങ് വിഷ്ണു"

എനിക്കൊന്നും മനസ്സിലായില്ല. കാവ്യ ടീച്ചറെ ഞാൻ തിരുത്താൻ പോയെങ്കിലും, 'പിന്നെ പറയാം' എന്ന അർത്ഥത്തിൽ ടീച്ചർ എന്നെ കണ്ണുകാണിച്ചു. ഞാൻ പിന്തിരിഞ്ഞു. ആദ്യത്തെ പിരീഡ് കഴിഞ്ഞ് ലഘുഭക്ഷണത്തിന്റെ സമയമായപ്പോൾ കാവ്യ ടീച്ചർ കാര്യം പറഞ്ഞു.

"വിനുരാജിന്റെ പേര് വീട്ടുകാർ മാറ്റി. വിനുവിനെ ഇനിമുതൽ വിഷ്ണു എന്നേ വിളിക്കാവൂ"

പേരുമാറ്റത്തിന്റെ കാരണം ഞാൻ ചോദിച്ചില്ല. കാവ്യ ടീച്ചർ പറഞ്ഞുമില്ല. ഞങ്ങൾ ഇരുവർക്കും ആരും പറയാതെ തന്നെ കാരണമറിയാമായിരുന്നു.

**(അടുത്ത ലക്കത്തിൽ അവസാനിക്കും)**